പഴയ ചില എൻ.ഒ.സി. ഒക്കെ വച്ച് കണക്ഷൻ വാങ്ങിയതിനുശേഷം അത്തരം കണക്ഷനുകൾ ദുരുപയോഗം ചെയ്തു എന്നു മാത്രമല്ല തുക അടയ്ക്കുകപോലും ചെയ്യാതെ കോടതികളിൽ പോയി സർക്കാരിന്റെയും വിദ്യുച്ഛക്തി ബോർഡിന്റെയും അഭിഭാഷകൻമാരെ സ്വാധീനിച്ച് പ്രതിക്ക് അനുകൂലമായ വിധത്തിൽ വിധി സമ്പാദിച്ചുകൊണ്ട് വിദ്യുച്ഛക്തി ബോർഡിനുണ്ടാക്കിയ നഷ്ടത്തെക്കുറിച്ച് ഒരു അന്വേഷണം നടത്താമോ? അങ്ങനെ ഒരു അന്വേഷണത്തിന് ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് ഉത്തരവിട്ടിട്ടുണ്ട്. തൊണ്ണൂറ് കോടിയും നൂറ് കോടിയും വെട്ടിച്ച ആളുകൾക്ക് കൃാപ്പിറ്റൽ ഒന്നുമില്ല. ആ സ്ഥാപനങ്ങൾ മുഴുവൻ വിറ്റാലും രണ്ടു കോടി പോലും കിട്ടുകയില്ല. അങ്ങനെ ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിലും, ഇതിനു കൂട്ടുനിന്ന സർക്കാരിന്റെ അഭിഭാഷകൻമാർക്കെതിരെയും നടപടിയെടുക്കുന്നതിനുള്ള സൗമനസ്യം പുതിയ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് കാണിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ ഏറ്റവും കൂടുതൽ സ്വാഗതം ചെയ്യുന്ന നിർദ്ദേശമാണ്. വാസ്തവത്തിൽ അങ്ങ് ഈ പറഞ്ഞത് കഞ്ചിക്കോട്ടെ ഹൈടെക് ഉൾപ്പെടെയാണെന്നുള്ള കാര്യം എനിക്കറിയാം. തൊണ്ണൂറ് കോടി എന്നുള്ളതിന് ആരൊക്കെയാണ് ഉത്തരവാദിയെന്നുള്ളത് ആർക്കറിയാം? ആർക്കെല്ലാമാണ് ഉത്തരവാദിത്വമുള്ളതെന്ന് അന്വേഷിക്കാൻ ഞാൻ ഏർപ്പാട് ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ അങ്ങയോട് പറയുകയാണ്. അതുപോലെ കൂട്ടുനിന്ന വക്കീലൻമാരാണെങ്കിലും മറ്റാരാണെങ്കിലും അവരുടെ പേരിൽ എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് ഗവൺമെന്റിന്റെ ആലോചനയിലാണ്. അങ്ങയുടെ നിർദ്ദേശത്തെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 61-ഉം 69-ഉം ഒരേ സ്വഭാവം ഉള്ളവയായതുകൊണ്ട് അവ ക്ലബ്ബ് ചെയ്യുകയാണ്.

വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം

*2 [61] ശ്രീ. ടി. പി. എം. സാഹിർ:
„ സി. ടി. അഹമ്മദ് അലി:
„ യു. സി. രാമൻ:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ വരവ് മുൻവർഷത്തേക്കാൾ കൂടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പുവർഷം വിനോദസഞ്ചാരികളിൽ നിന്ന് പ്രതീക്ഷിച്ച വരുമാനം എത്ര ആയിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഇനത്തിൽ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത്;

(ഇ) വിദേശ വിനോദസഞ്ചാരികളുടെ സുരക്ഷ ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) നടപ്പുവർഷം സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ എണ്ണം മുൻ വർഷത്തേക്കാൾ കൂടിയിട്ടുണ്ട്. 2004 നവംബർ വരെയുള്ള കണക്കുകൾപ്രകാരം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 17 ശതമാനം വർദ്ധനവും തദ്ദേശവിനോദസഞ്ചാരികളുടെ വരവിൽ 2 ശതമാനം വർദ്ധനവും മുൻവർഷത്തേക്കാൾ ഉണ്ടായിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) നടപ്പുവർഷം വിനോദസഞ്ചാരികളിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം 6,700 കോടി രൂപയാണ്.

(ഡി) 2004 നവംബർ മാസം വരെ 6,350 കോടി രൂപ ലഭിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

(ഇ) കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ സുരക്ഷ ലക്ഷ്യമാക്കി ടൂറിസം വകുപ്പ് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ബീച്ചുകളിലും ലൈഫ് ഗാർഡിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഇൻഫർമേഷൻ കൗണ്ടറുകൾ വഴി ടൂറിസ്റ്റുകൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനം

*3 [89] ശ്രീ. പി. ജെ. ജോയി:
" വി. ജെ. പൗലോസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെ തുടർന്ന് സംസ്ഥാനത്ത് എത്തേണ്ടിയിരുന്ന എത്ര വിദേശികൾ അവരുടെ സന്ദർശനം മാറ്റി വയ്ക്കുകയുണ്ടായി;

(ബി) ഇതുമൂലം കെ.ടി.ഡി.സി.-ക്ക് ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) സുനാമി മൂലം നാശനഷ്ടങ്ങളുണ്ടായിട്ടില്ലാത്ത തീരപ്രദേശങ്ങൾ, മറ്റ് ടൂറിസ്റ്റ് താൽപ്പര്യമുൾക്കൊള്ളുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly